## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3769** **12-03-2025 - ൽ മറുപടിയ്ക്ക്**

## താറാവ് കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | താറാവ് കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ? | (എ) | താറാവ് കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br><br>എല്ലാ പഞ്ചായത്തിലുമുള്ള സർക്കാർ മൃഗാശുപത്രി/ ഡിസ്പെൻസറി/ വെറ്ററിനറി സബ്സെന്റർ കളിലും പരിശീലനം ലഭിച്ച ഡോക്ടർമാരുടെയും അനുബന്ധ സ്റ്റാഫുകളുടെയും സേവനം ലഭ്യമാണ്. ഈ സ്ഥാപനങ്ങളിൽ സൗജന്യ ചികിത്സയും രോഗ പ്രതിരോധ പ്രവർത്തനങ്ങളും നടക്കുന്നു. ഇതിനു പുറമെ താറാവുകളുടെ എഗ്ഗർ നഴ്സറികൾക്കു സൗജന്യ സാങ്കേതിക/ സാമ്പത്തിക സഹായവും നൽകുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നു. കർഷകർക്കുള്ള പരിശീലനം പരിശീലന കേന്ദ്രങ്ങളിൽ ലഭ്യമാണ്.<br><br>വെറ്ററിനറി പോളിക്ലിനിക് പഞ്ചായത്തു തലത്തിലുള്ള സ്ഥാപനങ്ങളുടെ പ്രാഥമിക റഫറൽ കേന്ദ്രമായി പ്രവർത്തിക്കുന്നു. ബ്ലോക്ക് തലത്തിൽ താറാവ് കർഷകർക്കായുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നു. ബ്ലോക്ക് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും അതുവഴിയുള്ള ബാങ്ക് ലോണുകളും മറ്റു സാമ്പത്തിക സഹായങ്ങളും താറാവ് കർഷകരിലേക്കു എത്തിക്കുന്നു. 24 മണിക്കൂറും പ്രവർത്തനസജ്ജമായ ചികിത്സാ കേന്ദ്രങ്ങളാണ് ഇവയിൽ പലതും. താറാവ് ഫാമുകളിൽ എത്തുന്ന മൊബൈൽ വെറ്ററിനറി ആംബുലറ്റോറി ക്ലിനിക്കിന്റെ സേവനം ഏകോപിപ്പിക്കുന്നതും ഈ സ്ഥാപനമാണ്.<br><br>റീജിയണൽ അനിമൽ ഹെൽത്ത് സെന്റർ വഴി താറാവ് കർഷകർക്ക് മൃഗാശുപത്രി/ ഡിസ്പെൻസറി എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ നിരീക്ഷിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുന്നുണ്ട്. |

കൂടാതെ താറാവ് കർഷകർക്കുള്ള സർട്ടിഫിക്കറ്റ് ട്രെയിനിങ്ങും നടത്തി വരുന്നു.

ജില്ലാ വെറ്ററിനറി കേന്ദ്രം ദ്വിതീയ ശ്രേണിയിലുള്ള രോഗ നിർണ്ണയ ചികിത്സാ കേന്ദ്രത്തിൽ ജില്ലാ തലത്തിലുള്ള റഫറൽ ലബോറട്ടറി സംവിധാനം ലഭ്യമാണ്. ജില്ലാ കേന്ദ്രങ്ങളിൽ സീനിയർ വെറ്ററിനറി സർജന്റെ നേതൃത്വത്തിൽ മൊബൈൽ വെറ്ററിനറി യൂണിറ്റ് പഞ്ചായത്ത് തലങ്ങളിൽ സന്ദർശിച്ച സേവനങ്ങൾ നൽകുന്നുണ്ട്. ഈ സ്ഥാപനങ്ങളിൽ അനിമൽ ഡിസീസ് കണ്ട്രോൾ പ്രോജക്ടിന്റെ ഭാഗമായി താറാവ് രോഗങ്ങൾക്കുള്ള പ്രതിരോധ പ്രവർത്തനങ്ങളും രോഗനിയന്ത്രണ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നു. താറാവ് വാക്സിന്റെ സംഭരണവും വിതരണവും ഈ സ്ഥാപനത്തിന്റെ പ്രധാന ദൗത്യങ്ങളിൽ പെടുന്നു. ഈ കേന്ദ്രത്തിൽ തന്നെ പ്രവർത്തിക്കുന്ന എപിഡെമിയോളോജിക്കൽ യൂണിറ്റ് താറാവ് രോഗങ്ങളുടെ പ്രതിരോധ/നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുന്നു. രോഗസാധ്യത ഉള്ള പ്രദേശങ്ങളിൽ നിരന്തര നിരീക്ഷണവും സാമ്പിൾ ശേഖരണവും അതിന്റെ തുടർനടപടികളും നടത്തുന്നു. പക്ഷിപ്പനി പോലെയുള്ള ജന്തുജന്യ രോഗങ്ങൾ പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാർ ആക്ഷൻ പ്ലാൻ നടപ്പാക്കുന്ന ജില്ലാതല യൂണിറ്റായി പ്രവർത്തിക്കുന്നു.

താറാവ് കർഷകർക്കുള്ള ദുരന്ത നിവാരണ ഫണ്ട്, വകുപ്പ്തല പ്ലാൻ ഫണ്ട്, ജില്ലാ പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങൾ എന്നിവ വകുപ്പിൽ നിന്നും ഏകോപിപ്പിക്കുന്നുണ്ട്.

കൂടാതെ കുട്ടനാടിന്റെ വികസനം സഫലീകരിക്കുന്നതിനും നിരണം താറാവ് വളർത്തൽ കേന്ദ്രത്തിന്റെ വിപുലീകരണത്തിനുമായി വിഭാവനം ചെയ്തിട്ടുള്ള 'സ്വാമിനാഥൻ കമ്മീഷൻ' ന്റെ ഭാഗമായി പത്തനംതിട്ട ജില്ലയിലെ തിരുവല്ല, മഞ്ഞാടിയിലെ താറാവ് ഹാച്ചറി, ബ്രൂഡർ ഹൗസ്, പരിശീലന കേന്ദ്രം എന്നിവ കുട്ടനാട് പദ്ധതിയിൽ ഉൾപ്പെടുത്തി 26.10.2019-ന് ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചു.

ഒരു മാസം 90000 മുട്ടകൾ അട വയ്ക്കുന്നതിനുള്ള സംവിധാനം, താറാവ് കുഞ്ഞുങ്ങളെ 2 മാസം വരെ വളർത്തുന്നതിനുള്ള സൗകര്യം (Brooder House) എന്നിവ മഞ്ഞാടിയിലെ ഫാമിൽ ഒരുക്കിയിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് കർഷകർക്കുള്ള ഒരു പരിശീലന കേന്ദ്രവും പ്രവർത്തിക്കുന്നു.

| | | | |
|---|---|---|---|
| | | | കർഷകർക്ക് വിതരണം നടത്തുന്ന 1.5 ലക്ഷം കുട്ടനാടൻ താറാവുകുഞ്ഞുങ്ങളിലെ പകുതി ആൺ താറാവുകൾ (75000) 3 മാസം കൊണ്ട് പൂർണവളർച്ചയെത്തുകയും താറാവൊന്നിന് 300 രൂപ നിരക്കിൽ ഒരു വർഷം 2.25 കോടി രൂപ കർഷകർക്ക് ലഭിക്കുകയും ചെയ്യും. ബാക്കി 75000 പെൺതാറാവുകൾ വർഷത്തിൽ 200 മുട്ടകൾ ഇടുകയും, 2 വർഷത്തോളമെങ്കിലും, മുട്ട ഉല്പാദനത്തിനായി വളർത്തുകയും ചെയ്യാം. ഒരു മുട്ടയുടെ വില 10-12 രൂപ വരെയാണ്. ഈ ഇനത്തിൽ 36 കോടി രൂപ കർഷകർക്ക് വരുമാനം ലഭിക്കും. മുട്ടയിടീലിനു ശേഷം പിടതാറാവുകളെ 200 രൂപ നിരക്കിൽ ഇറച്ചിക്കായി വിൽപ്പന നടത്താവുന്നതാണ്. ഒരു ലക്ഷം വിഗോവ താറാവുകുഞ്ഞുങ്ങളെ 45 ദിവസം കൊണ്ട് വളർത്തി 300 രൂപ നിരക്കിൽ വില്പന നടത്തി കർഷകർക്ക് 3 കോടി രൂപ വരുമാനം ലഭ്യമാകും. |

സെക്ഷൻ ഓഫീസർ